From

Verghis John,
Kottackattu Pulladiyil,
Thottappuzha,
Eraviperoor (PO),
Thiruvalla - 689542
Phone - 0469 2668682, 0481 2312007, 9446412907

ECI Identity Card No KL/16/106/303916
Sl No 583
Polling Booth No 12
Govt LP School, Muringassery
Eraviperoor (Northern Portion)

To

The Candidate,
113-Aranmula LAC.

Subject : Reason for Election Boycott

Sir,

**ഞാൻ എന്തുകൊണ്ട് വോട്ടു ചെയ്തില്ല ?**

കേരള ചരിത്രത്തിലെ ഏറ്റവും അശാസ്ത്രിയമായ ഒരു നിയോജകമണ്ഡല അതിർത്തിനിർണയമാണ് (ഡീലിമിറ്റേഷൻ) 2005ൽ നടന്നത്. ഇത് ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത് മാവേലിക്കര ലോക്സഭാ മണ്ഡലത്തെയും പത്തനംതിട്ട / ആറന്മുള നിയമസഭാ മണ്ഡലത്തെയുമാണ്. ഇതിൽ പ്രതിഷേധിച്ചുകൊണ്ടാണ് ഞാൻ വോട്ടു ചെയ്യാതിരുന്നത്.

(1) ഭൂമിശാസ്ത്രപരമായി യാതൊരു സാംഗത്യവുമില്ലാത്ത രീതിയിലാണ് മാവേലിക്കര ലോക്സഭാ മണ്ഡലത്തിന്റെ രൂപീകരണം. കോട്ടയം, ആലപ്പുഴ, കൊല്ലം ജില്ലകളിലായി പത്തനംതിട്ട ജില്ലയെ C പോലെ ചുറ്റിയാണ് ഇതിന്റെ കിടപ്പ്. കോട്ടയം ജില്ലയിലെ ചങ്ങനാശേരി, ആലപ്പുഴ ജില്ലയിലെ കുട്ടനാട്, മാവേലിക്കര (സംവരണം), ചെങ്ങന്നൂർ, കൊല്ലം ജില്ലയിലെ കുന്നത്തൂർ (സംവരണം), കൊട്ടാരക്കര, പത്തനാപുരം എന്നീ നിയമസഭാമണ്ഡലങ്ങൾ ചേർന്നുള്ളതാണ് പുതിയ മാവേലിക്കര (സംവരണം) ലോക്സഭാ മണ്ഡലം.

ഈ ലോക്സഭാ മണ്ഡലത്തിന്റെ രൂപീകരണത്തിൽ ഡീലിമിറ്റേഷൻ കമ്മീഷന്റെ മാർഗനിർദേശകരേഖകളിലെ താഴെ പറയുന്ന പ്രധാനപ്പെട്ട നിർദേശം ലംഘിച്ചിരിക്കുകയാണ്. Further, all constituencies shall, as far as practicable, be geographically compact areas, and in

delimiting them regard shall be had to the physical features, existing boundaries of administrative units, facilities of communication and public convenience. (DELIMITATION OF ASSEMBLY AND PARLIAMENTARY CONSTITUENCIES Guidelines and Methodology II. Division of States into Parliamentary and Assembly Constituencies). രാഷ്ട്രീയ ഭൂപടത്തിൽ യാതൊരു പ്രസക്തിയുമില്ലാത്ത വികൃതമായ ഈ നിയോജകമണ്ഡലം രൂപീകരിക്കാതിരിക്കുന്നതായിരുന്നു നല്ലത്.

(2) ഒൻപതു പതിറ്റാണ്ടിന്റെ ചരിത്രവും പാരമ്പര്യവും ഉണ്ടായിരുന്ന പത്തനംതിട്ട നിയമസഭാമണ്ഡലം പുതിയ ഡീലിമിറ്റേഷനോടെ ഇല്ലാതായി. 2009ലെ ലോക്സഭാതിരഞ്ഞെടുപ്പിൽ പുതിയതായി പത്തനംതിട്ട ലോക്സഭാമണ്ഡലം ഉണ്ടായിരുന്നെങ്കിലും ഈ നിയമസഭാതിരഞ്ഞെടുപ്പിൽ പത്തനംതിട്ട നിയമസഭാമണ്ഡലം ഇല്ലാതായിരിക്കുകയാണ്.

പുതിയ ഡീലിമിറ്റേഷൻ പ്രകാരം ജില്ലാ ആസ്ഥാനത്തിന്റെ പേരിൽ നിയമസഭാ നിയോജകമണ്ഡലമില്ലാത്ത ഏക ജില്ലയാണ് പത്തനംതിട്ട. ജില്ലാ ആസ്ഥാനം, താലൂക്ക് ആസ്ഥാനം, മുനിസിപ്പാലിറ്റി ഈ മുൻഗണനകളെല്ലാമുണ്ടായിട്ടും കൂടുതൽ ജനസംഖ്യ ഉണ്ടായിട്ടും അതുൾപ്പെടുന്ന നിയമസഭാ നിയോജകമണ്ഡലത്തിന് 'പത്തനംതിട്ട' എന്നു പേരു കൊടുക്കാതെ 'ആറന്മുള' എന്നാണ് പേരു കൊടുത്തത്. ജില്ലാ രൂപീകരണവേളയിൽ (1982) പത്തനംതിട്ട പട്ടണം ആസ്ഥാനമായ താലൂക്കിന് 'കോഴഞ്ചേരി' എന്നു പേരു കൊടുത്തതുപോലെയാണിത്.

പത്തനംതിട്ട താലൂക്ക് നിലവിൽ വന്നതിനെ (1919 ആഗസ്റ്റ് 17) തുടർന്ന് ഇതുവരെയും 'പത്തനംതിട്ട' എന്ന പേരിൽ നിയമസഭാ നിയോജകമണ്ഡലമുണ്ടായിരുന്നു. സ്വന്തം പേരിൽ നിയമസഭാ നിയോജകമണ്ഡലമില്ലാത്ത കേരളത്തിലെ ഏക ലോക്സഭാ നിയോജകമണ്ഡലമാണ് പത്തനംതിട്ട. (വയനാടും ഉദാഹരണമാണെങ്കിലും വയനാട് എന്ന പേരിൽ ഒരു സ്ഥലമില്ല; അത് ഒരു പ്രദേശത്തിന്റെ മൊത്തമായ പേരാണ്).

ഒരു നിയോജകമണ്ഡത്തിന് പേരു കൊടുക്കുന്നത് അതുൾപ്പെടുന്ന പ്രദേശത്തെ ഏറ്റവും പ്രധാന്യമുള്ള സ്ഥലത്തിന്റേതാണ്. ഇതാണ് ഇതുവരെയും അനുവർത്തിച്ചു വരുന്ന രീതി. ഇത്തവണയും പത്തനംതിട്ട / ആറന്മുള ഒഴികെ കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങൾക്കും ഇത് പാലിച്ചിട്ടുണ്ട്. ഇപ്പോഴത്തെ 'ആറന്മുള' മണ്ഡലത്തിലെ ഏറ്റവും പ്രാധാന്യമുള്ള സ്ഥലം എന്തുകൊണ്ടും പത്തനംതിട്ട തന്നെയാണ്. ഇനി ജനസംഖ്യ പരിഗണിച്ചാൽ തന്നെ 2001ലെ കണക്കനുസരിച്ച് ആറന്മുള പഞ്ചായത്തിനെക്കാൾ (29994) കൂടുതൽ ജനസംഖ്യ പത്തനംതിട്ട മുനിസിപ്പാലിറ്റിക്ക് (38009) ആണ്.

(3) കോഴഞ്ചേരി താലൂക്കിലെ പത്തനംതിട്ട മുനിസിപ്പാലിറ്റിയും ആറന്മുള, ചെന്നീർക്കര, ഇലന്തൂർ, കോഴഞ്ചേരി, കുളനട, മല്ലപ്പുഴശേരി, മെഴുവേലി, നാരങ്ങാനം, ഓമല്ലൂർ, തിരുവല്ല താലൂക്കിലെ ഇരവിപേരൂർ, കോയിപ്രം, തോട്ടപ്പുഴശേരി എന്നീ പഞ്ചായത്തുകളുമാണ് പുതിയ 'ആറന്മുള' നിയമസഭാ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

Delimitation Commission of India യുടെ കരടു വിജ്ഞാപനത്തിൽ (2005 മാർച്ച് 23) തിരുവല്ലാ താലൂക്കിലെ എല്ലാ പഞ്ചായത്തുകളും മല്ലപ്പള്ളി താലൂക്കിലെ കുന്നന്താനം പഞ്ചായത്തുമാണ് തിരുവല്ലാ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുത്തിയിരുന്നത്. അന്തിമ വിജ്ഞാപനം (2005 മേയ് 31) വന്നപ്പോൾ തിരുവല്ലാ താലൂക്കിലെ ഇരവിപേരൂർ, കോയിപ്രം, തോട്ടപ്പുഴശേരി പഞ്ചായത്തുകൾ 'ആറന്മുള' നിയോജകമണ്ഡലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മല്ലപ്പള്ളി താലൂക്കി

ലെ അഞ്ചു പഞ്ചായത്തുകൾ (കുന്നന്താനം ഉൾപ്പെടെ) തിരുവല്ലായോടു ചേർത്തു. ഇവിടെയും geographical compactness അട്ടിമറിച്ചിരിക്കുന്നു.

പത്തംനംതിട്ട ജില്ലയിലെ അടൂർ ഒഴികെ മറ്റു നാലു നിയോജകമണ്ഡലങ്ങളുടെയും അതിർത്തികൾ കരടു വിജ്ഞാപനത്തിൽ പറഞ്ഞിരുന്ന നിർദേശങ്ങൾ പാടേ അട്ടിമറിച്ചാണ് അന്തിമ വിജ്ഞാപനം വന്നത്.

അശാസ്ത്രീയമായ നിയോജകമണ്ഡല അതിർത്തി നിർണയം മൂലമാണ് കേരളത്തിൽ ഏറ്റവും കൂടുതൽ വോട്ടർമാരുള്ള (2011) നിയമസഭാ മണ്ഡലം എന്ന സ്ഥാനവും (203411) ഏറ്റവും കൂടുതൽ ജനസംഖ്യ (2001) ഉള്ള നിയമസഭാ മണ്ഡലങ്ങളിൽ രണ്ടാം സ്ഥാനവും (271883) 'ആറന്മുള'ക്ക് ലഭിച്ചത്. ഈ രണ്ടു കാര്യത്തിലും സംസ്ഥാന ശരാശരിയേക്കാളും ജില്ലാ ശരാശരിയേക്കാളും ഏറെ മുകളിലാണ് 'ആറന്മുള'. മണ്ഡലത്തിന്റെ വലിപ്പം കൂടുതലാണെന്ന് ഇതു തെളിയിക്കുന്നു.

Delimitation Commission കരടു വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളെയും പറ്റി വിശദമായി പഠിക്കുകയും എന്റെ നിർദേശങ്ങൾ 2005 ഏപ്രിൽ രണ്ടിന് ന്യൂഡൽഹിയിലെ കമ്മീഷൻ ആസ്ഥാനത്തേക്ക് അയയ്ക്കുകയും ചെയ്തു. കൂടാതെ 2005 ഏപ്രിൽ 24ന് എറണാകുളം ജില്ലാ കളക്ടറേറ്റിൽ (കാക്കനാട്) നടത്തിയ public sitting ൽ ഞാൻ പങ്കെടുക്കുകയും നിർദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. മുകളിൽ പറഞ്ഞവ ഉൾപ്പെടെയുള്ള പല കാര്യങ്ങളും ഈ രണ്ടു മാർഗത്തിലൂടെ കമ്മീഷന്റെ ശ്രദ്ധയിൽപെടുത്തിയതാണ്. കേരളത്തിന്റെ ചീഫ് ഇലക്ടറൽ ഓഫീസറെ നേരിൽകണ്ടും ഈ കാര്യങ്ങളെല്ലാം ബോധ്യപ്പെടുത്തിയതാണ്.  ഇതു കൂടാതെ പത്തനംതിട്ട പൗരസമിതി 'ആറന്മുള' നിയമസഭാ മണ്ഡലത്തിന്റെ പേര് 'പത്തനംതിട്ട' എന്നു മാറ്റുന്നതിന് കമ്മീഷനോട് അഭ്യർത്ഥിക്കുകയും രാഷ്ട്രപതിയ്ക്ക് നിവേദനം സമർപ്പിക്കുകയും ചെയ്തിരുന്നു.

മുകളിൽ പറഞ്ഞ മൂന്നു വിഷയങ്ങളിൽ – ഒന്നാമത്തേതും മൂന്നാമത്തേതും – മാവേലിക്കര ലോക്സഭാമണ്ഡലത്തിന്റെയും ആറന്മുള നിയമസഭാമണ്ഡലത്തിന്റെയും പരിധികൾ മാറ്റുന്ന കാര്യം ഇനിയും നടപ്പാക്കാനാവില്ല. അടുത്ത ഡീലിമിറ്റേഷൻ വരെ ഇതു സഹിക്കുകയേ മാർഗമുള്ളൂ. എന്നാൽ – രണ്ടാമത്തെ വിഷയം – 'ആറന്മുള'യെ 'പത്തനംതിട്ട' എന്ന് പുനർനാമകരണം ചെയ്യുന്നതിനു വലിയ പ്രയാസമുണ്ടാകുമെന്ന് തോന്നുന്നില്ല. Delimitation Orderൽ ഇതിലും ഗൗരവമായ ഭേദഗതികൾ വരുത്തിയ കീഴ്വഴക്കങ്ങൾ ഉണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1977ലെ തെരഞ്ഞെടുപ്പു നടക്കുമ്പോൾ 14 നിയമസഭാ സംവരണ നിയോജകമണ്ഡലങ്ങളിൽ നോർത്ത് വയനാട്, സുൽത്താൻ ബത്തേരി എന്നിവ പട്ടികവർഗക്കാർക്കും മറ്റുള്ളവ പട്ടികജാതിക്കാർക്കുമുള്ളതായിരുന്നു. 1980 മുതൽ തൃത്താല പട്ടികജാതി സംവരണമണ്ഡലവും സുൽത്താൻബത്തേരി സംവരണമല്ലാത്ത (ജനറൽ സീറ്റ്) മണ്ഡലവുമായി. 1976ലെ Delimitation Orderൽ ആവശ്യമായ ഭേദഗതികൾ വരുത്തിയാണ് ഇതു നടപ്പാക്കിയത്.

ഒരു മണ്ഡലത്തിൽപെട്ട ചെറിയ പ്രദേശം അടുത്തുള്ള മണ്ഡലത്തിൽ ചേർത്ത സംഭവങ്ങളുണ്ട്. 1957ലെ തെരഞ്ഞെടുപ്പിനുശേഷം 1960ലെ തെരഞ്ഞെടുപ്പിനു മുമ്പായി റാന്നി നിയമസഭാമണ്ഡലത്തിന്റെ ഒരു ചെറിയ ഭാഗം കാഞ്ഞിരപ്പള്ളി നിയമസഭാമണ്ഡലത്തോടു ചേർത്തിരുന്നു. 1963 ജനുവരി 12ലെ ഇന്ത്യാ ഗസറ്റ് വിജ്ഞാപന പ്രകാരം കല്ലൂപ്പാറ നിയോജകമണ്ഡലത്തിലെ കോട്ടാ

ങ്ങൽ വില്ലേജിൽ പെട്ട ഒരു കര വാഴൂർ നിയോജകമണ്ഡലത്തിൽ ചേർത്തു. 1956ലെ Delimitation Orderൽ ആവശ്യമായ ഭേദഗതികൾ വരുത്തിയാണ് ഇവ നടപ്പാക്കിയത്.

Delimitation Final Order തന്നെ മാറ്റിയ സംഭവങ്ങളുണ്ട്. അവസാനം നടന്ന ഡീലിമിറ്റേഷനു ശേഷം 2005 മേയ് 16ലെ വിജ്ഞാപനം മാറ്റിയാണ് 2005 മേയ് 31ലെ വിജ്ഞാപനം (Order No 9) പുറപ്പെടുവിച്ചത്. ആലപ്പുഴ ജില്ലയിലെ വീയപുരം പഞ്ചായത്ത് ഹരിപ്പാട് മണ്ഡലത്തിൽ നിന്ന് കുട്ടനാട് മണ്ഡലത്തിൽ ചേർക്കാനാണ് വിജ്ഞാപനം മാറ്റിയത്. ഈ മാറ്റം വന്നില്ലായിരുന്നുവെങ്കിൽ കുട്ടനാട്, ചെങ്ങന്നൂർ നിയമസഭാമണ്ഡലങ്ങൾ തമ്മിൽ ബന്ധമില്ലാതെ വരികയും മാവേലിക്കര ലോക്സഭാമണ്ഡലം മുറിഞ്ഞുപോകുകയും ചെയ്യുമായിരുന്നു. 2008 ജനുവരി 16ന് ചിറയിൻകീഴ് അസംബ്ലി നിയോജക മണ്ഡലം പട്ടികജാതി സംവരണ മണ്ഡലമായും വട്ടിയൂർക്കാവ് പൊതു അസംബ്ലിമണ്ഡലമായും തിരുത്തി വിജ്ഞാപനം (Order No 55) പുറപ്പെടുവിച്ചു.

**ഇത്രയുമൊക്കെ ആകാമെങ്കിൽ എന്തുകൊണ്ട് 'ആറന്മുള'യെ 'പത്തനംതിട്ട' എന്ന് പുനർനാമകരണം ചെയ്തു കൂടാ ?**

ഇനിയും നിയോജകമണ്ഡല അതിർത്തി നിർണയം നടക്കണമെങ്കിൽ കുറഞ്ഞത് 20 വർഷം കാത്തിരിക്കണം. ഏതോ തൽപരകക്ഷികളുടെ സ്വാർത്ഥ താൽപര്യത്തിനു വേണ്ടി ഈ പ്രക്രിയയിൽ അവിഹിതമായ ഇടപെടൽ ഉണ്ടായിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങനെയെങ്കിൽ അവരുടെ താൽപര്യം സംരക്ഷിക്കാൻ കേരളത്തിന്റെ രാഷ്ട്രീയ ഭൂമിശാസ്ത്രം വികൃതമാക്കിയിരിക്കുന്നു എന്നു കാണുന്നതിൽ ഖേദിക്കുന്നു. ഇതിൽ പ്രതിഷേധിച്ചു കൊണ്ടാണ് ഞാൻ വോട്ടു ചെയ്യാതിരുന്നത്.

'പത്തനംതിട്ട' എന്ന പേരിൽ ഒരു നിയമസഭാ നിയോജകമണ്ഡലമില്ലാതെ ഇനിയുമുള്ള നിയമസഭാ തെരഞ്ഞെടുപ്പുകളിലും ഞാൻ വോട്ടുചെയ്യുന്നതല്ല എന്നും അറിയിക്കുന്നു. എന്നാൽ ലോക്സഭാ തെരഞ്ഞെടുപ്പുകളിൽ വോട്ടു ചെയ്യുന്നതിന് ഞാൻ തയ്യാറാണ്.

വിനയപൂർവം,

വർഗീസ് ജോൺ

തോട്ടപ്പുഴ,
13.04.2011